കേരളീയം ഡിസംബർ ലക്കത്തിൽ എൻ. പി. ജോൺസൺ എഴുതിയ വിശ്വ(അ)മംഗള ഗ്വാഗ്വായാത്ര എന്ന ലേഖനത്തോടുള്ള പ്രതികരണം.
കമ്പോള വ്യൂഹത്തിലേക്ക് അതിവേഗം വീണുകൊണ്ടിരിക്കുന്ന ആധുനിക തലമുറയ്ക്ക് നമ്മുടെ കൃഷിപൈതൃകം സംരക്ഷിക്കപ്പെടേണ്ടതാണെന്നുള്ള പാഠങ്ങൾ പകർന്ന് നൽകുകയാണ് വിശ്വമംഗള ഗോഗ്രാമ യാത്രയുടെ ലക്ഷ്യമെന്ന് ലേഖകൻ

# പശുവിനെ വളർത്തിയാൽ മതേതരത്വം തകരുമോ?

തൊടുപറമ്പിൽ വർഗീസ്

കേരളീയം പത്താംപുസ്തകം പന്ത്രണ്ടാം ലക്കത്തിൽ ശ്രീ. എൻ. പി. ജോൺസൺ എഴുതിയ വിശ്വ(അ)മംഗള ഗ്വാഗ്വായാത്ര എന്ന ലേഖനമാണ് തലവാചകത്തിലെ ചോദ്യത്തിനാധാരം. നമ്മുടെ കാർഷിക സംസ്കൃതിയിലെ അവിഭാജ്യഘടകമാണ് ഗോസംരക്ഷണം. കാർഷിക സംസ്കാരത്തിൽ നിന്നും കമ്പോള വ്യൂഹത്തിലേക്ക് അതിവേഗം വീണുകൊണ്ടിരിക്കുന്ന ആധുനിക തലമുറയ്ക്ക് നമ്മുടെ കാർഷികപൈതൃകത്തേയും പ്രകൃതിസംരക്ഷണത്തേയും ജൈവകൃഷിരീതികളെയും ഓർമ്മിപ്പിക്കുകയും സ്വാശ്രയ സമ്പന്ന ഗ്രാമങ്ങളെ സൃഷ്ടിക്കണമെന്ന് പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് വിശ്വമംഗള ഗോഗ്രാമയാത്ര രാജ്യത്തെ എല്ലായിടത്തും പര്യടനം നടത്തിയതെന്നാണ് ഞാൻ മനസിലാക്കുന്നത്.

അതങ്ങനെയല്ലെന്നും ഈ യാത്രയ്ക്കു പിന്നിൽ തീവ്രഹിന്ദു വർഗീയവാദികളുടെ രഹസ്യ അജണ്ടയുണ്ടെന്നും സ്ഥാപിക്കാനുള്ള ശ്രമമാണ് ശ്രീ ജോൺസൺ നടത്തിയതെന്ന് അനുമാനിക്കേണ്ടി വരുന്നു. അങ്ങനെയൊരു ഗൂഢലക്ഷ്യത്തിന്റെ വ്യക്തമായ തെളിവുകൾ അദ്ദേഹത്തിനു ലഭിച്ചുവെങ്കിൽ ആർജ്ജവത്തോടെ വെളിപ്പെടുത്താനുള്ള ബാധ്യതയും അദ്ദേഹത്തിന്റേതാണ്. അതിനുള്ള ധൈര്യമില്ലെങ്കിൽ അക്കാര്യം തന്നെ പോലുള്ളവരെ അറിയിക്കാമായിരുന്നു. വിശ്വമംഗള ഗോഗ്രാമയാത്രയുടെ വേദികളിൽത്തന്നെ സംഘടകരെ ഞാൻ ചോദ്യം ചെയ്യുമായിരുന്നു.

താനിപ്പോഴും ഇവിടെ ജീവിച്ചിരിക്കുന്നുവെന്ന് തന്നേയും മറ്റുള്ളവരെയും ബോധ്യപ്പെടുത്താൻ ബുദ്ധിജീവി ജാടകൾ ചിലപ്പോഴൊക്കെ ഇങ്ങനെ ശ്രമിക്കാറുണ്ട്. അതു പലപ്പോഴും ആളൊഴിഞ്ഞ പൂരപ്പറമ്പിലെ അഭ്യാസങ്ങളാകും. കഴിഞ്ഞ ലോകസഭ തെരഞ്ഞെടുപ്പിൽ തൃശൂരിൽ മത്സരിച്ച ശ്രീ കുഞ്ഞൻപുലയന്റെ സ്ഥാനാർത്ഥിത്വത്തെ വിമർശിച്ച് വേറൊരു വിദ്വാന്റെ അസ്ഥാന പ്രഭാഷണവും കേരളീയം പ്രസിദ്ധീകരിച്ചിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ടായിരുന്നു ആ വിദ്വാന്റെ വെളിപ്പെടുത്തൽ. വിശ്വമംഗള ഗോഗ്രാമയാത്ര കഴിഞ്ഞ് ജനം പിരിഞ്ഞു കഴിഞ്ഞിട്ടാണ് ഇപ്പോഴത്തെ ഗ്വാഗ്വാ വിളികൾ. വർത്തമാനകാലത്ത് മൗനം പാലിച്ച് ഗുഹയിൽ ഒളിക്കുകയും എല്ലാറ്റിനും ശേഷം മഹാവെളിപാടുകളുമായി ഭൂതകാലത്തിന്റെ ശവവും ചുമന്ന് വഴിവാണിഭത്തിനിറങ്ങുന്നവരോട് സഹതപിക്കുക മാത്രമാണ് യുക്തിസഹം. എന്നാൽ ഇത്തരം ചീവീടുകൾ കാരണം മറ്റുള്ളവയും തെറ്റിദ്ധരിക്കപ്പെടുന്നുവെന്നതിനാൽ ചീഞ്ഞതിനെ വേർതിരിച്ചു കളയേണ്ടതുണ്ടെന്നു കരുതുന്നു.

വിശ്വമംഗളഗോഗ്രാമയാത്രയോടനുബന്ധിച്ച് സംഘാടകർ നടത്തിയ ഇരുപതിൽ പരം വേദികളിൽ ഞാൻ പ്രഭാഷകനായിരുന്നു. പ്രഭാഷണം എന്ന വാക്കിൽ വർഗീയതയുണ്ടെങ്കിൽ ക്ഷമിക്കണം. പ്രകൃതിസംരക്ഷണം, ജൈവകൃഷിരീതികൾ, സ്വാശ്രയഗ്രാമസൃഷ്ടി, എന്നീ വിഷയങ്ങളാണ് ഞാൻ ആ വേദികളിൽ സംസാരിച്ചത്. ഒരു പശുവിനെ വളർത്തിയാൽ മുപ്പതേക്കറിൽ ചെലവില്ലാതെ കൃഷി നടത്താമെന്ന സുഭാഷ് പലേക്കറുടെ ആശയവും പറഞ്ഞു. അദ്ദേഹം തീവ്രഹിന്ദുവാദിയോ നരഹത്യക്കാരനോ ആണെന്ന് ആരും പറഞ്ഞുകേട്ടിട്ടില്ല. ജൈവകൃഷിയുടെ അടിസ്ഥാനഘടകം ചാണകമാണല്ലോ. കാലി

കളെ വളർത്താതെ ചാണകം ലഭിക്കാൻ വേറെ വല്ല മാർഗവുമുണ്ടോ എന്നെനിക്കറിയില്ല. മലയാളി സമൂഹത്തിന് രോഗാതുരത സമ്മാനിക്കുന്ന രാസപാലിനു പകരം നല്ല നാടൻ പാൽ ലഭിക്കുവാൻ പശുവളർത്തൽ ഉപകരിക്കും എന്നാണെന്റെ വിശ്വാസം. സ്ഥിരബുദ്ധിയുള്ളവരെല്ലാം അത് ശരിയാണെന്നു സമ്മതിക്കാനാണ് സാധ്യത.

ജോൺസന്റെ മറ്റൊരു സങ്കടം എരുമയ്ക്കുവേണ്ടി ആരും രംഗത്തു വരുന്നില്ലെന്നതാണ്. എരുമ കറുത്തു പോയതുകൊണ്ടാണ് ആരും ആരാധിക്കാത്തതെന്ന് വേറൊരു മഹാൻ തൃശൂരിൽ പ്രസംഗിച്ചതായി പത്രങ്ങളിൽ തലക്കെട്ടുണ്ടായിരുന്നു. അർത്ഥശൂന്യമായ കയ്യടികൾ കിട്ടാൻ ഇത്തരം പരാമർശങ്ങൾ ഉപകരിക്കുമായിരിക്കും. ഈ ഖേദപ്രകടനക്കാർ ഉടനെ ഒരു വിശ്വമംഗള എരുമഗ്രാമയാത്ര സംഘടിപ്പിക്കണം. രാജ്യത്തെ സകല എരുമകളോടും പോത്തുകളോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഒരു എരുമയെ ആട്ടി കന്യാകുമാരി മുതൽ കാശ്മീർ വരെ സധൈര്യം യാത്ര നടത്തണം. ആരാതടയുന്നതെന്ന് നോക്കാമല്ലോ. പ്ളാച്ചിമടയിലെ ഐക്യദാർഢ്യ സിംഹാസനത്തിൽ ജോൺസനെ അവരോധിക്കുകയും ഒടുവിൽ പേടിപ്പിച്ച് ഓടിക്കുകയും ചെയ്ത സോളിഡാരിറ്റിക്കാരും സ്വദേശി ജാഗരൺകാരും എരുമയാത്രയിൽ കൂട്ടിനു വരാതിരിയ്ക്കില്ല. പശു ആർഷഭാരതക്കാരന്റെ യുദ്ധപ്രതീകമാണെന്നാണ് വിമർശകന്റെ കണ്ടെത്തൽ. കൂടാതെ ആ സാധു ജീവിക്ക് സവർണ്ണ ഹിന്ദു വർഗീയതയുടെ ലക്ഷണങ്ങളുണ്ടെന്നും അദ്ദേഹം പേടിക്കുന്നു. ആയതിനാൽ എത്രയും പെട്ടന്ന് സകല പശുക്കളെയും കൊല്ലണമെന്നും പകരം എരുമയെ വളർത്തണമെന്നും വിശ്വമംഗള എരുമയാത്രയിലൂടെ ഉറക്കെ വിളിച്ചുപറയണം.

ഭാരത ഇതിഹാസത്തിലെ ഏറ്റവും പ്രശസ്തനായ ഗോസംരക്ഷകൻ ശ്രീകൃഷ്ണനായിരുന്നു. അദ്ദേഹം കറുത്തവനായിരുന്നു. ഗോത്രവംശജനുമായിരുന്നു. എന്നിട്ടും അദ്ദേഹം എരുമയെ മേയ്ക്കാതെ പശുവിനെ ആട്ടി നടന്നത്.

പശുവിനേയും എരുമയേയും വളർത്തുന്നതിലെ വ്യത്യാസം അറിയണമെങ്കിൽ ജീവിതത്തിൽ ഒരിക്കലെങ്കിലും ഇവയെ അടുത്തിടപഴകണം. പശുവിനെ വളർത്തുന്നതിനേക്കാൾ ആയാസമാണ് എരുമ സംരക്ഷണം. വേനൽക്കാലത്തും മഴക്കാലത്തും എരുമകൾക്ക് കുടിക്കാനും കുളിക്കാനും ധാരാളം വെള്ളം വേണം. മാംസത്തിനായാലും പാലിനായാലും ലാഭകരം എരുമയാണ്. പക്ഷെ അനുസരണ ശീലം കുറഞ്ഞ എരുമയ്ക്ക് വീട്ടിലെ അരുമയാകാൻ കഴിയില്ല. കൂടുതലാളുകൾ ഭക്ഷിക്കുന്നത് പോത്തിറച്ചിയാണ്. അത് പശു ദൈവമായതുകൊണ്ടല്ല. പോത്തിറച്ചിക്ക് സ്വാദു കൂടിയതുകൊണ്ടാണ്. ഇപ്പോൾ തമിഴ്നാട്ടിലെ ചാവാലിക്കാളകളെയാണ് ബുദ്ധിജീവികളടക്കമുള്ള മലയാളികൾ മൂക്കുമുട്ടെ തിന്നുന്നതെന്നത് വേറെ കാര്യം. രണ്ടോ മൂന്നോ വീശി പരവശതയോടെ വാരി തിന്നുമ്പോൾ പട്ടിയിറച്ചിയായാലും തിരിച്ചറിയില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ലേഖകൻ എരുമയെ വളർത്തുന്നത് ആരും തടയില്ല.

പശുക്കളിലെ കൃത്രിമ ബീജസങ്കലനം തെറ്റാണെന്നും പ്രകൃതി വിരുദ്ധമാണെന്നും ഗോഗ്രാമയാത്രയിൽ പ്രചരിപ്പിച്ചതിനെ അദ്ദേഹം പരിഹസിച്ചിരുന്നു. കമ്പോളാധിഷ്ഠിത ജീവിതശൈലിയെ രൂപപ്പെടുത്താൻ നാട്ടിലെ തനതു പാരമ്പര്യങ്ങളെയെല്ലാം ഇല്ലാതാക്കുന്ന സാമ്രാജ്യത്വ സാമ്പത്തിക താൽപര്യ ശക്തികളുടെ ഭാഷയാണിത്. ഹരിതവിപ്ളവക്കാർ നമ്മുടെ ഭൂമിയെയും ജൈവകൃഷിയേയും രാസവളം കൊണ്ട് നശിപ്പിച്ചു. ധവളവിപ്ളവക്കാർ നാടൻ പശുക്കളുടെ വംശശുദ്ധിയുടെ പേരിലാണ് കൃത്രിമ ബീജസങ്കലനം പ്രചരിപ്പിച്ചത്. എന്നിട്ടെന്തു നേട്ടമുണ്ടായെന്ന് നാട്ടിലെ യഥാർത്ഥ ഗോസംരക്ഷകരോട് ചോദിക്കണം. ഇനി നമ്മുടെയൊക്കെ വംശശുദ്ധീകരണത്തിന് പാശ്ചാത്യ ബീജം ഇറക്കുമതി ചെയ്ത് കുത്തിവയ്ക്കണമെന്നു പറഞ്ഞാൽ അതും ബുദ്ധിജീവികൾ അംഗീകരിക്കുമോ? ഒരു പണി കുറയുമല്ലോ അല്ലേ? കൂടുതൽ വിസ്തരിക്കുന്നില്ല. എന്തിനേയും വിമർശിക്കുന്നതിനു മുമ്പ് വസ്തുതകൾ പഠിക്കണം. ആരു പറയുന്നുവെന്നല്ല, എന്തു പറയുന്നുവെന്ന് ചിന്തിക്കണം. നന്മയ്ക്കൊപ്പം നീങ്ങണം.

*കർഷകമുന്നേറ്റം, വല്ലക്കുന്ന്,*
*ഇരിങ്ങാലക്കുട.*


# സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

**കേരളീയം, കൊക്കാലെ, തൃശൂർ-21**

**ഫോൺ : 9446576943, 9446586943, 0487-2421385**

e-mail : robinkeraleeyam@gmail.com